(7) ചെറുകിട സോപ്പ് ഉല്പാദകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. എം. ദാസൻ : സർ, കേരളത്തിലെ ചെറുകിട സോപ്പുല്പാദകർ ഇന്ന് സെക്രട്ടേറിയറ്റിനു മുന്നിൽ ധർണ്ണ നടത്തുകയാണ്. സംസ്ഥാനത്ത് കൈകൊണ്ട് അലക്കുന്ന സോപ്പ് നിർമ്മിക്കുന്ന ആയിരത്തിലധികം ചെറുകിട ഉല്പാദകർ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് വിദേശ കുത്തക കമ്പനികളുടെ ഉല്പന്നങ്ങളോട് പിടിച്ചു നിൽക്കുവാൻ കേരളത്തിലെ ചെറുകിട ഉല്പാദകർക്ക് കഴിയുന്നില്ല. ഇതിനു പുറമെ അന്യ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന സോപ്പുകൾ വലിയ തോതിൽ മാർക്കറ്റിൽ വരുകയും ചെയ്യുന്നു. അതിന്റെ ഫലമായി നമ്മുടെ നാട്ടിൽ കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പു വ്യവസായികൾ തങ്ങളുടെ ഉല്പന്നങ്ങൾ വിൽക്കുന്നതിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈയവസരത്തിൽ ജനുവരി 1 മുതൽ ധനകാര്യ വകുപ്പ് ഏകീകൃത വില്പന നികുതിയുടെ പേരിൽ കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പിന് 8% നികുതി കൊണ്ടുവന്നു. ഇത് ചെറുകിട ഉല്പാദകർക്ക് താങ്ങാനാവാത്ത ഒന്നാണ്. ഇതിന്റെ പേരിൽ സ്വയം തൊഴിൽ കണ്ടെത്തിയ ആയിരക്കണക്കിന് തൊഴിലാളികൾ വളരെയധികം ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ മേഖലയെ സംരക്ഷിക്കാൻ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള 8% വിൽപ്പന നികുതി പിൻവലിച്ചുകൊണ്ട് കൈകൊണ്ടുണ്ടാക്കുന്ന സോപ്പുല്പാദകരേയും ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1.1.2000 മുതൽ വിൽപ്പന നികുതി നിശ്ചയിക്കപ്പെട്ടപ്പോൾ സോപ്പിന്റെ വിൽപ്പന നികുതി 12 ശതമാനമാണ്. എന്നാൽ കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പിന് 8 ശതമാനമാണ് നികുതി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ചെറുകിട കുടിൽ വ്യവസായങ്ങളെ സഹായിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പിന് പ്രത്യേകമായി കുറഞ്ഞ നിരക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. ചെറുകിട സോപ്പു നിർമ്മാണ യൂണിറ്റുകൾക്ക് എസ്.എസ്.ഐ. സ്കീം അനുസരിച്ചാണ് നികുതി സൗജന്യത്തിന് അർഹതയുള്ളത് ഖാദിഗ്രാമ വ്യവസായമായി രജിസ്റ്റർ ചെയ്യപ്പെട്ട യൂണിറ്റുകൾക്ക് 10 ലക്ഷം വരെ ടേണോവറുള്ളതിന് പൂർണ്ണമായും നികുതി ഒഴിവ് അനുവദിച്ചു. ഇപ്പോൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള 8 ശതമാനം നികുതി കൂടുതലാണെന്നും കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പു വ്യവസായികൾ വൻകിട സോപ്പു വ്യവസായികളിൽ നിന്നും നേരിടുന്ന ഭീഷണിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെന്നുമുള്ള ആവശ്യവുമായി വന്നിട്ടുണ്ട്. കൊമേഴ്സ്യൽ ടാക്സ് കമ്മീഷണറുടെ ഓഫീസിലെ മൂന്ന് ആൾ അടങ്ങുന്ന സമിതി ഒരു കംപ്ലയന്റ് സെൽ ഉണ്ടാക്കിയിട്ടുണ്ട്. ആ കംപ്ലയന്റ് സെൽ ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത സംസ്ഥാനങ്ങളിലേയും ഇവിടത്തേയും ഓരോ കമോഡിറ്റിയുടേയും കമ്പയറിംഗ് ഷീറ്റ് എടുത്തിട്ട് ഇവിടത്തെ ഹാന്റ്മെയിഡ് സോപ്പ് ഇൻഡസ്ട്രീക്ക് കുഴപ്പം വരാത്ത രീതിയിൽ ഉചിതമായ നടപടിയെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly